REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 29-04-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ആറാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചു. തിരഞ്ഞെടുപ്പ് 57 സീറ്റുകളിൽ.
- നാലാം ഘട്ട വോട്ടെടുപ്പിന് പത്രിക പിൻവലിക്കാൻ സമയ പരിധി ഇന്ന് അവസാനിക്കുന്നതോടെ മത്സരചിത്രം വ്യക്തമാകും.
- സംസ്ഥാനത്ത് ലോഡ് ഷെഡിങ് ഉടൻ ഉണ്ടാവില്ലെന്ന് മന്ത്രി K കൃഷ്ണൻകുട്ടി.
- പാലക്കാട്, തൃശൂർ, കൊല്ലം ജില്ലകളിൽ ഇന്നും ഉഷ്ണതരംഗ സാഹചര്യം. 12 ജില്ലകളിൽ മഞ്ഞ ജാഗ്രത.
- ISL ഫുട്ബോളിൽ രണ്ടാം പാദസെമിയിൽ ഇന്ന് മുംബൈ സിറ്റി, ഗോവ FC യെ നേരിടും.

## വാർത്തകൾ വിശദമായി

ആറാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്, തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. ആറ് സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശമായ ഡൽഹിയിലെയും 57 ലോക്സഭാ സീറ്റുകളിലേക്ക് അടുത്തമാസം 25 നാണ് വോട്ടെടുപ്പ്. അടുത്ത മാസം ആറു വരെ പത്രിക നൽകാം.

ഡൽഹിയിലെ ഏഴ് സീറ്റുകളിലും, ഹരിയാനയിലെ പത്ത് സീറ്റിലും ഈ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. ഉത്തർപ്രദേശിൽ 14 ഉം, ബിഹാർ, പശ്ചിമബംഗാൾ സംസ്ഥാനങ്ങളിൽ എട്ടു വീതവും, ഒഡീഷയിൽ ആറും, ഝാർഖണ്ഡിൽ നാലും സീറ്റുകളിലും ആറാം ഘട്ടത്തിലാണ് വോട്ടെടുപ്പ്.

✪✪✪

നാലാം ഘട്ട വോട്ടെടുപ്പിന് പത്രിക പിൻവലിക്കാൻ സമയ പരിധി ഇന്ന് അവസാനിക്കുന്നതോടെ മത്സരചിത്രം വ്യക്തമാകും. ഒൻപത് സംസ്ഥാനങ്ങളിലെയും, ജമ്മുകശ്മീരിലെയും 96 മണ്ഡലങ്ങളിൽ അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്.

ആന്ധ്രാപ്രദേശിലെ 25 ഉം, തെലങ്കാനയിലെ 17 ഉം, ഉത്തർപ്രദേശിലെ 13 ഉം, മഹാരാഷ്ട്രയിലെ 11 ഉം സീറ്റുകൾ ഇതിലുൾപ്പെടുന്നു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് പല സംസ്ഥാനങ്ങളിലും പ്രചാരണം തുടരുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കർണാടകയിലെ ബാഗൽകോട്ടിലും മഹാരാഷ്ട്രയിലെ സത്താറ, സോലാപൂർ, പൂനെ എന്നിവിടങ്ങളിലും പൊതുറാലികളിൽ പങ്കെടുക്കും.

✪✪✪

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്ന് വടക്കൻ ഗുജറാത്തിലെ പടാനിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. NCP സ്ഥാപകനേതാവ് ശരദ് പവാറും ശിവസേന നേതാവ് ഉദ്ധവ് താക്കറെയും മഹാരാഷ്ട്രയിൽ സംയുക്ത റാലിയിൽ പങ്കെടുക്കും .

✪✪✪

മുതിർന്ന BJP നേതാവും രാജ്യരക്ഷാമന്ത്രിയുമായ രാജ്നാഥ് സിംഗ് ലോക്സഭാ തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. ഉത്തർപ്രദേശിലെ ലക്നൗ മണ്ഡലത്തിലാണ് അദ്ദേഹം പത്രിക നൽകിയത്.

കേന്ദ്രമന്ത്രി സ്മൃതി ഇറാനി ഉത്തർപ്രദേശിലെ അമേഠിയിൽ ഇന്ന് പത്രിക നൽകും.

✪✪✪

മണിപ്പൂരിൽ ആറ് പോളിംഗ് സ്റ്റേഷനുകളിൽ നാളെ റീപോളിംഗ് നടക്കും. വെള്ളിയാഴ്ച നടന്ന വോട്ടിംഗിനിടെ അജ്ഞാതസംഘം വോട്ടിംഗ് യന്ത്രങ്ങൾ തകർത്ത നാലു കേന്ദ്രങ്ങളിലും, ഭീഷണി മൂലം വോട്ടിംഗ് തടസ്സപ്പെട്ട കേന്ദ്രത്തിലും, യന്ത്രത്തകരാർ മൂലം വോട്ടിംഗ് മുടങ്ങിയിടത്തുമാണ് റീപോളിംഗ്.

✪✪✪

CPIM സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം  തിരുവനന്തപുരത്ത് ആരംഭിച്ചു. AKG സെന്ററിൽ ചേരുന്ന യോഗത്തിന്റെ പ്രധാന അജണ്ട ലോക്സഭാ തിരഞ്ഞെടുപ്പ് അവലോകനമാണ്.  LDF കൺവീനർ EP ജയരാജനും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കേന്ദ്രഖനി മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ അനിവാര്യ  ധാതു ഉച്ചകോടിയ്ക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. ആധുനിക സാമ്പത്തിക വ്യവസ്ഥയുടെ പുരോഗതിയ്ക്കും, ദേശീയ സുരക്ഷയ്ക്കും ഒഴിവാക്കാനാവാത്ത  ധാതുക്കളെയാണ് ക്രിട്ടിക്കൽ മിനറൽസ് ആയി പരിഗണിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ലോഡ് ഷെഡിങ് ഉടൻ  ഉണ്ടാവില്ലെന്ന് മന്ത്രി K കൃഷ്ണൻകുട്ടി പറഞ്ഞു. എന്നാൽ വൈദ്യുതിഉപയോഗം നിയന്ത്രിച്ചില്ലെങ്കിൽ കടുത്ത പ്രതിസന്ധി നേരിടുമെന്ന് മന്ത്രി പറഞ്ഞു. വേനൽ കടുത്തതോടെ വൈദ്യുതി ഉപഭോഗം വർദ്ധിച്ചെന്നും, സംസ്ഥാനം പ്രതിസന്ധിയിലായിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

തിരുവനന്തപുരത്ത്  KSRTC ബസിലെ ഡ്രൈവർ അശ്ലീല ആംഗ്യം കാണിച്ചതിനെതിരെ നിയമനടപടിയുമായി മുന്നോട്ടുപോകുമെന്ന് മേയർ ആര്യാ രാജേന്ദ്രൻ പറഞ്ഞു. സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ ഡ്രൈവറുടെ ഭാഗത്തു നിന്നുണ്ടായ പെരുമാറ്റത്തെയാണ് ജനപ്രതിനിധിയെന്ന നിലയിൽ ചോദ്യം ചെയ്യുന്നതെന്നും മേയർ വ്യക്തമാക്കി.

✪✪✪

പാലക്കാട്, തൃശൂർ, കൊല്ലം ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ഇന്നും ഉഷ്ണതരംഗ സാഹചര്യം നിലനിൽക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.  വയനാട്, ഇടുക്കി ജില്ലകളിലൊഴികെ 12 ജില്ലകളിൽ മഞ്ഞജാഗ്രത പ്രഖ്യാപിച്ചു.

ഉഷ്ണതരംഗം അതീവ ജാഗ്രത വേണ്ട സാഹചര്യമാണെന്നും കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.  സൂര്യാഘാതവും സൂര്യാതപവും ഏൽക്കാൻ സാധ്യത കൂടുതലാണ്. സൂര്യാഘാതം മരണത്തിലേക്ക് വരെ നയിച്ചേക്കാം. അതിനാൽ  പകൽ സമയത്ത് പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കണം. ശരീരത്തിൽ നേരിട്ട്

വെയിലേൽക്കുന്ന എല്ലാതരം പുറം ജോലികളും, കായിക വിനോദങ്ങളും, മറ്റ് പ്രവർത്തനങ്ങളും പൂർണ്ണമായും നിർത്തി വെക്കണമെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

സംസ്ഥാനത്ത് ഇന്നും നാളെയും എട്ട് ജില്ലകളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ ജില്ലകളിലാണ് മഴയ്ക്ക് സാധ്യത.

ലക്ഷദ്വീപിൽ മണിക്കൂറിൽ 55 വരെ കിലോമീറ്റർ വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും ലക്ഷദ്വീപ് പ്രദേശത്ത് മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കഥാപ്രസംഗ കലയെ പരിപോഷിപ്പിക്കുന്നതിനായി കണ്ണൂർ പോത്താങ്കണ്ടം ആനന്ദഭവനത്തിന്റെ നേതൃത്വത്തിൽ പയ്യന്നൂരിൽ മൂന്നാമത് കഥാപ്രസംഗ മഹോത്സവത്തിന് തുടക്കമായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.......(വോയ്സ്).....................

IPL ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7.30 ന് കൊൽക്കത്ത ഈഡൻ ഗാർഡനിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ രണ്ടാം പാദസെമിയിൽ ഇന്ന് മുംബൈ സിറ്റി, ഗോവ FC യെ നേരിടും. മുംബൈ ഫുട്ബോൾ അരീനയിൽ വൈകീട്ട് 7.30നാണ് മത്സരം.

✪✪✪

**കണ്ണൂരിൽ സീനിയർ സൂപ്പർ ഡിവിഷൻ ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ന് രണ്ട് മത്സരങ്ങൾ.**

**കണ്ണൂർ യൂണൈറ്റഡ് FC, കാഞ്ഞിരോട് ജനത സ്പോർട്സ് ക്ലബ്ബുമായും, വളപട്ടണം ടൗൺ ഫുട്ബോൾ കോച്ചിംഗ് സെൻറർ, മയ്യിൽ യംങ്ങ് ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബുമായും മത്സരിക്കും.**

✪✪✪

**വെള്ളാനിക്കര അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ രണ്ട് സെക്യൂരിറ്റി ജീവനക്കാരെ മരിച്ചനിലയിൽ കണ്ടെത്തി. വെള്ളാനിക്കര സ്വദേശികളായ അരവിന്ദാക്ഷൻ, ആന്റണി എന്നിവരാണ് മരിച്ചത്.**

✪✪✪

**തിരുവനന്തപുരം മുതലപ്പൊഴിയിൽ പുലർച്ചെ വള്ളം മറിഞ്ഞ് കാണാതായ മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. പുതുക്കുറിച്ചി സ്വദേശി ജോണിന്റെ മൃതദേഹമാണ് കണ്ടെത്തിയത്. അഴിമുഖത്തെ ശക്തമായ തിരയിൽ വള്ളം മറിയുകയായിരുന്നു.**

✪✪✪

**മൂന്നാറിൽ നിന്ന് പടയപ്പയെന്ന കാട്ടാനയെ മറ്റൊരിടത്തേക്ക് മാറ്റിയിട്ട് കാര്യമില്ലെന്ന് വിദഗ്ധ സമിതി അഭിപ്രായപ്പെട്ടു. പടയപ്പയെ മാറ്റിയാൽ, മറ്റൊരാന ആ സ്ഥാനത്തേക്ക് വരുമെന്നും മൂന്നാറിലെ മാലിന്യങ്ങൾ പൂർണമായും ഒഴിവാക്കുകയാണ് പരിഹാര നടപടിയെന്നും സമിതി അറിയിച്ചു. മേഖലയിൽ വഴിയോര കച്ചവടക്കാർ നിക്ഷേപിക്കുന്ന മാലിന്യങ്ങളാണ് ആനകളെ ആകർഷിക്കുന്നതെന്ന് സമിതി വിലയിരുത്തി.**

✪✪✪

**തിരുവനന്തപുരം മുതലപ്പൊഴിയിൽ പുലർച്ചെ വള്ളം മറിഞ്ഞ് കാണാതായ മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. പുതുക്കുറിച്ചി സ്വദേശി ജോണിന്റെ മൃതദേഹമാണ് കണ്ടെത്തിയത്. അഴിമുഖത്തെ ശക്തമായ തിരയിൽ വള്ളം മറിയുകയായിരുന്നു.**

✪✪✪

**മലപ്പുറം പെരിന്തൽമണ്ണ കരിങ്കല്ലത്താണിയിൽ ലഹരിയിൽ നാട്ടുകാരെ ആക്രമിക്കുന്നതിനിടെ പരുക്കേറ്റ യുവാവ് മരിച്ചു. കരിങ്കല്ലത്താണി സ്വദേശി നിസാമുദ്ദീനാണ് മരിച്ചത്.**

✪✪✪

കണ്ണൂർ ചെറുപുഴയിൽ ലോറി തട്ടി സ്കൂട്ടർ യാത്രക്കാരൻ മരിച്ചു. കാസർഗോഡ് വെസ്റ്റ് എളേരി സ്വദേശി കുമാരൻ ആണ് മരിച്ചത്. 58 വയസ്സായിരുന്നു. രാവിലെയാണ് അപകടം.

✪✪✪

അറ്റകുറ്റ പണികൾക്കായി കണ്ണൂർ- കോഴിക്കോട് ദേശീയപാതയിലെ മാഹി പാലം 12 ദിവസത്തേക്ക് അടച്ചു. ബലക്ഷയം നേരിടുന്ന സാഹചര്യത്തിലാണ് അറ്റകുറ്റ പണി നടത്തുന്നത്.

കോഴിക്കോട് നിന്ന് കണ്ണൂർ ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ കുഞ്ഞിപ്പള്ളിയിൽ നിന്ന് തിരിഞ്ഞ് മോന്താൽ വഴി പോകണം. കണ്ണൂരിൽ നിന്ന് കോഴിക്കോട്ടേക്ക് പോകുന്ന വാഹനങ്ങൾ തലശ്ശേരിയിലെ ചൊക്ലി മേക്കുന്ന് വഴി പോകണം. ദീർഘദൂര സർവീസുകൾ ബൈപ്പാസ് വഴി കടന്നു പോകും.

✪✪✪

കരിപ്പൂർ വിമാനത്താവള വികസനത്തിനായി ഏറ്റെടുത്ത ഭൂമിയിലെ വീടുകൾ പൊളിക്കുന്ന പ്രവൃത്തി തുടങ്ങി. റെസ വിപുലീകരണത്തിന്റെ മുന്നോടിയായാണ്, അതോറിറ്റി ഏറ്റെടുത്ത ഭൂമിയിലെ വീടുകൾ പൊളിക്കുന്നത്. പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിലായി 39 വീടുകൾ പൊളിച്ചുനീക്കും.

റൺവേയിൽനിന്ന് വിമാനം മുന്നോട്ട് തെന്നിയാൽ പിടിച്ച് നിർത്തുന്ന ഇടമാണ് റൺവേ എൻഡ് സേഫ്റ്റി ഏരിയ - റെസ.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഈ വർഷം ഹജ്ജിന് പോകുന്നവരുടെ മൂന്നാം ഗഡു അടക്കേണ്ട സമയപരിധി ശനിയാഴ്ച വരെ നീട്ടി. അപേക്ഷകർ രേഖപ്പെടുത്തിയ ഹജ്ജ് എംബാർക്കേഷൻ പോയന്റ് അടിസ്ഥാനത്തിലാണ് ബാക്കി തുക അടക്കേണ്ടത്.

✪✪✪

കോട്ടക്കൽ ആര്യവൈദ്യശാലാ ചാരിറ്റബിൾ ആശുപത്രിയുടെ ശതാബ്ദി ആഘോഷം ഇന്ന് ആരംഭിക്കും. ആഘോഷത്തിന്റെ ഉദ്ഘാടനവും ലോഗോ പ്രകാശനവും വൈകിട്ട് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ നിർവഹിക്കും. ശതാബ്ദി ലോഗോ മാനേജിങ് ട്രസ്റ്റി ഡോ. പി എം വാരിയർ പ്രകാശനം ചെയ്യും.

✪✪✪

മൂന്നാറിൽ നിന്ന് പടയപ്പയെന്ന കാട്ടാനയെ മറ്റൊരിടത്തേക്ക് മാറ്റിയിട്ട് കാര്യമില്ലെന്ന് വിദഗ്ധ സമിതി അഭിപ്രായപ്പെട്ടു. പടയപ്പയെ മാറ്റിയാൽ, മറ്റൊരാന ആ സ്ഥാനത്തേക്ക് വരുമെന്നും മൂന്നാറിലെ മാലിന്യങ്ങൾ പൂർണമായും ഒഴിവാക്കുകയാണ് പരിഹാര നടപടിയെന്നും സമിതി അറിയിച്ചു. മേഖലയിൽ വഴിയോര കച്ചവടക്കാർ നിക്ഷേപിക്കുന്ന മാലിന്യങ്ങളാണ് ആനകളെ ആകർഷിക്കുന്നതെന്ന് സമിതി വിലയിരുത്തി.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞ് 53,240 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്. ഗ്രാമിന് 6,655 രൂപ .

✪✪✪

KSRTC പത്തനാപുരം ഡിപ്പോയിൽ 12 ജീവനക്കാർ കൂട്ട അവധി എടുത്തതിനെ തുടർന്ന് സർവീസുകൾ തടസ്സപ്പെട്ടു. മദ്യപിച്ചെത്തിയ മൂന്ന് ജീവനക്കാരെ വിജിലൻസ് പിടികൂടിയതിന് പിന്നാലെയാണ് മറ്റു ജീവനക്കാർ മുൻകൂർ അനുമതിയില്ലാതെ കൂട്ടഅവധി എടുത്തത്.

✪✪✪